## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കാൻ നടപടി

4 (*64) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനുകൂലമായ ഭൂപ്രകൃതിയും ജലാശയങ്ങളുടെ ലഭ്യതയും പ്രയോജനപ്പെടുത്തി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമായി മുൻ സർക്കാർ നടപ്പാക്കിയ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്തെ അനുകൂലമായ ഭൂപ്രകൃതിയും ജലാശയങ്ങളുടെ ലഭ്യതയും പ്രയോജനപ്പെടുത്തി ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമായി മുൻ സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉൾനാടൻ മത്സ്യക്കൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം നൂതന മത്സ്യക്കൃഷി, ബ്ലൂ റവല്യൂഷൻ പദ്ധതി, മത്സ്യസമൃദ്ധി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കായി 48.88 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതുപ്രകാരം ജനകീയ മത്സ്യക്കൃഷി പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിലുൾപ്പെടുത്തി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 6990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തികവർഷം കേന്ദ്ര സർക്കാർ ധനസഹായത്തോടെ 739.6 ലക്ഷം രൂപയുടെ ബ്ലൂ റവല്യൂഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യക്കൃഷിയുടെ വികസനത്തിനായി 7420 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതുപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം, ജനകീയ മത്സ്യക്കൃഷി പദ്ധതിക്കായി 61.15 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും അതുപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ എന്നീ നൂതന സാങ്കേതിക വിദ്യകൾ പരീക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ എന്നീ നൂതന സാങ്കേതിക വിദ്യകൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ ജനകീയ മത്സ്യക്കൃഷി ബ്ലൂ റവല്യൂഷൻ PMMSY എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 14 ജില്ലകളിലായി മത്സ്യക്കൃഷി രീതികളിൽ വൈവിധ്യവത്കരണം ഏർപ്പെടുത്തിയതിന്റെ ഭാഗമായി 2393 ബയോഫ്ളോക്ക് യൂണിറ്റുകളും 4140 എണ്ണം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യക്കൃഷി യൂണിറ്റുകളും 586 RAS യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഇതിനുപുറമേ 200 RAS യൂണിറ്റുകളും 1850 ബയോഫ്ളോക്ക് യൂണിറ്റുകളും 2500 പടുതയിലെ മത്സ്യക്കൃഷി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

(സി) ഉൾനാടൻ മത്സ്യവിപണി ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ നടപ്പുസാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

**പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണം**

5 (*65) ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. ആന്റണി ജോൺ:

ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?